"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സി.എച്ച്.സി തണ്ണീർമുക്കത്തിന് ആബുലൻസ് വാങ്ങുന്നതിനുള്ള അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.510/2021/LSGD തീയതി,തിരുവനന്തപുരം, 20/02/2021

പരാമർശം:- 1 06.11.2019ലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് നം. പി. 2970/18

2 28.01.2020ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.10 നമ്പർ തീരുമാനം

**ഉത്തരവ്**

തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഭൂരിഭാഗം ജനങ്ങളുടെയും ഉപജീവന മാർഗ്ഗം മത്സ്യബന്ധനവും കയർ മേഖലയുമാണ്. കായലോരത്ത് താമസിക്കുന്ന ഈ ജനങ്ങൾ ചികിത്സയ്ക്കായി തണ്ണീർമുക്കം സി.എച്ച്.സി യെയാണ് ആശ്രയിക്കുന്നതെന്നും പെട്ടന്നുണ്ടാകുന്ന അസുഖങ്ങളും അപകടങ്ങളും മൂലം മറ്റ് ആശുപത്രികളിലേയ്ക്ക് ചികിത്സയ്ക്കായി നിർദ്ദേശിക്കുമ്പോൾ ഒരു ആംബുലൻസ് ലഭ്യമായാൽ അത് ജനങ്ങൾക്ക് വളരെ ആശ്വാസകരമായിരിക്കുമെന്നും കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം സി.എച്ച്.സി തണ്ണീർമുക്കത്തിന് ആമ്പുലൻസ് വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ 6,00,000/- രൂപയും തനത് ഫണ്ടിൽ 2,50,000/- രൂപയും ഉൾപ്പെടെ 8,50,000/- രൂപ വകയിരുത്തുകയും 17.12.2018ൽ ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ് എന്നും ആയതിനാൽ സി.എച്ച്.സി തണ്ണീർമുക്കത്തിന് ആംബുലൻസ് അവശ്യഘടകമായതിനാൽ ടി വാഹനം വാങ്ങുന്നതിനുള്ള അനുമതി നല്കണമെന്ന് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരിക്കുകയുണ്ടായി

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവർത്തന ചെലവ് ആംബുലൻസിൽ നിന്നുമുള്ള വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്ന നിബന്ധനയോടെ പ്രസ്തുത പദ്ധതിയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

പകർപ്പ്

സെക്രട്ടറി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by REENAMMA P A
Date: 2021.02.26 14:56:26 IST
Reason: Approved

സെക്ഷൻ ഓഫീസർ